# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2401 05.02.2018-ൽ മറുപടിക്ക്**

## കോതമംഗലം മണ്ഡലത്തിലെ ആദിവാസി കോളനികളിലെ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ കഞ്ചിപ്പാറ, തലവച്ചപ്പാറ, തേര, വാരിയം തുടങ്ങിയ ആദിവാസി കോളനികളിലെ വൈദ്യുതീകരണ ജോലിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കുമോ; | (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ കഞ്ചിപ്പാറ, തലവച്ചപ്പാറ, തേര, വാരിയം തുടങ്ങിയ ആദിവാസി കോളനികൾ നിലവിലുള്ള വൈദ്യുതി ലൈനിൽ നിന്നും വളരെ അകലെ ആയതുകൊണ്ടും വനം അനുമതി ആവശ്യമായതിനാലും ലൈൻ വലിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാലും ചെറു സൗരോർജ്ജ വൈദ്യുതി നിലയം സ്ഥാപിച്ച് വൈദ്യുതി നൽകാൻ സമ്പൂർണ്ണ വൈദ്യുതകരണത്തിന്റെ ഭാഗമായി KSEBL നടപടികൾ സ്വീകരിച്ചിരുന്നു. ഇപ്രകാരം 178 ഭവനങ്ങളാണ് കണ്ടെത്തിയിട്ടുണ്ടായിരുന്നത്. എന്നാൽ പ്രസ്തുത ജോലി ഏറ്റെടുത്ത കരാറുകാരന്റെ ആലംഭാവം മൂലവും ചില സ്ഥലങ്ങളിൽ ഗുണഭോക്താക്കൾക്ക് സോളാർ പദ്ധതിയോടുള്ള എതിർപ്പ് കാരണവും ടി പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | വൈദ്യുതീകരണ നടപടി എന്നത്തേക്ക് പൂർത്തീകരിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | സോളാർ പദ്ധതിയോട് എതിർപ്പ് ഇല്ലാത്ത സ്ഥലങ്ങളിൽ പണി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 6 മാസംകൊണ്ട് പ്രവർത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷക്കുന്നു. സോളാർ പദ്ധതിയോട് എതിർപ്പുള്ള പ്രദേശങ്ങളിൽ ജനപ്രതിനിധികളുടെ സഹായത്തോടെ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |
| (സി) | ഇത് പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ